"മറിയമിന്റെ മകൻ ഈസായെ ക്രൈസ്തവർ പുകഴ്ത്തിയതുപോലെ അതിരുകവിഞ്ഞ് എന്നെ നിങ്ങൾ പുകഴ്ത്തരുത്. ഞാൻ ദൈവ ദാസൻ മാത്രമാണ്. എന്നെ അല്ലാഹുവിന്റെ ദാസനെന്നും അവന്റെ ദൂതനെന്നും വിളിക്കുക".

മൂസ عليه السلام തോറയുമായും ഈസാ عليه السلام ഇഞ്ചീലുമായും നിയോഗിക്കപ്പെട്ടു എന്നാണ് മുസ്‌ലിംകളുടെ വിശ്വാസം.
മുഹമ്മദ് നബി ﷺ ദൈവിക അധ്യാപനമായ ക്വുർആനിന്റെ പ്രയോഗവത്കരണത്തിനായി നിയോഗിതനായി എന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു.

**പ്രവാചക വചനങ്ങളിൽ ചിലത് കാണുക:**

"മറ്റുള്ളവരോട് കരുണക്കാണിക്കാത്തവന് അല്ലാഹുവും കരുണ ചൊരിയുകയില്ല".

"നിങ്ങളിൽ സൽസ്വഭാവിയത്രെ ഏറ്റവും നല്ലവൻ'.

"വിനയമുള്ളവനാകുക. മറ്റുള്ളവരെ ശല്യപ്പെടുത്തുകയോ സ്വയം വലിപ്പം നടിക്കുകയോ അരുത്".

"ശക്തികൊണ്ട് ഒരുത്തനെ തോൽപിക്കുന്നവനല്ല ബലവാൻ. കോപത്തെ നിയന്ത്രിക്കാനാകുന്നവനാണ് ശക്തൻ".

"നിങ്ങളിൽ ഉയർന്നവരിലേക്ക് നോക്കാതെ താണവരിലേക്ക് നോക്കുക. അപ്രകാരം ചെയ്യുക വഴി ദൈവം നൽകിയ അനുഗ്രഹങ്ങളിൽ നിങ്ങൾക്ക് ആശ്വസിക്കാൻ കഴിയും.

"നന്മയിൽ യാതൊന്നിനെയും നിസ്സാരമായി കാണരുത്. നിന്റെ സഹോദരനെ പുഞ്ചിരിക്കുന്ന മുഖത്തോടെ കണ്ടുമുട്ടുന്നത് പോലും".

# ആരാധന

**ദൈവം മാത്രമാണ് ആരാധനക്ക് അർഹനെന്ന് നാം മനസ്സിലാക്കി. എന്നാൽ എന്താണ് ആരാധന?**


മുസ്‌ലിം പണ്ഡിതന്മാർ ആരാധനയെ നിർവചിച്ചത് 'അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്ന ആന്തരികവും ബാഹ്യവുമായ വാക്കുകളും കർമങ്ങളും ഉൾക്കൊള്ളുന്ന പദമാണ് ആരാധന' എന്നാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇസ്‌ലാമിലെ ആരാധന നമസ്കാരം, വ്രതം, ദാനം, ഹജ്ജ് തുടങ്ങിയ അനുഷ്ഠാനങ്ങളിൽ പരിമിതമല്ല. അതിലുപരിയാണത്. ഒരു പ്രവൃത്തിയും സ്വന്തം നിലക്ക് ആരാധനയാകുകയില്ല. എന്നാൽ, സംശുദ്ധമായ ഉദ്ദേശ്യത്തോടെയും ദൈവപ്രീതി പ്രതീക്ഷിച്ചുകൊണ്ടും ചെയ്യുന്ന ഏതു കർമവും ആരാധനയാക്കി മാറ്റാവുന്നതാണ്. അല്ലാഹുവിന്റെ പ്രവാചകൻ ﷺ പറഞ്ഞു:

'ഒരാൾക്ക് അഭിവാദ്യമർപ്പിക്കുന്നത് ദാനമാണ്. നീതി പാലിക്കുന്നത് ദാനമാണ്. തന്റെ കുതിരയാൽ ഒരാളെ സഹായിക്കുന്നത് ദാനമാണ്. ഒരു നല്ലവാക്ക് ദാനമാണ്. നമസ്കാരത്തിലേക്ക് പോകുന്ന ഓരോ കാലടിയും ദാനമാണ്. വഴിയിൽ നിന്ന് തടസ്സം നീക്കുന്നത് ദാനമാണ്".

അല്ലാഹുവിന്റെ പ്രീതിക്കായി കുടുംബ സംരക്ഷണംപോലെ ശരിയായ ആവശ്യാർഥമുള്ള ജീവിത വിഭവം തേടുന്നതുപോലും ഇതിന്റെ പരിധിയിൽ വരുന്നു. ഒരാൾ മറ്റുള്ളവരെ കാണിക്കുവാനും പെരുമക്കുമായി ജോലി ചെയ്യുന്നുവെങ്കിൽ അത് ആരാധനയാകുകയില്ല. മതം ദൈവവും വ്യക്തിയും തമ്മിലുള്ള സ്വകാര്യ ഇടപാട് മാത്രമാണെന്ന് കരുതുന്നവർക്ക് ഇതൊരു പുതുമയായി തോന്നിയേക്കാം.
മാത്രമല്ല ഇത്തരം കർമങ്ങൾക്കൊന്നും മറ്റ് മതങ്ങളിൽ ഇപ്രകാരമുള്ള സവിശേഷതയും ഇല്ല.
മുസ്‌ലിംകൾക്ക് ഇസ്‌ലാം ഒരു മതം മാത്രമല്ല, സമ്പൂർണ ജീവിത മാർഗദർശനം കൂടിയാണ്.

**NICHE OF TRUTH**
PB No.1981, Vyttila, Cochin 682019, Kerala, India
Tel: 0484 2301576 / 2301275 Fax: 0484 2301175
Email: islam@nicheoftruth.org
Web: www.nicheoftruth.org, www.muhammadnabi.info

# ഇസ്‌ലാം
## ലഘു പരിചയം




**ഇസ്‌ലാമിനെ അറിയുക**

www.nicheoftruth.org

# ഇസ്‌ലാം
## ലഘു പരിചയം

**ഇസ്‌ലാമിക വിശ്വാസത്തിന്റെ ആധാരശിലയായി വർത്തിക്കുന്നത് ഏകസത്യ ദൈവരാധനയും വിശ്വാസവുമാണ്.**

**ഏകദൈവ വിശ്വാസം അവകാശപ്പെടുന്ന മതങ്ങൾ ഏറെയുണ്ടെങ്കിലും അവരെല്ലാം ദൈവത്തിൽ പങ്കുചേർക്കുന്നവരാണെന്നു കാണാം. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.**

- ദൈവാരാധനയോ പാപമോചനാർഥനയോ സൃഷ്ടികളിലൂടെ നടത്തുക.
- ദൈവിക ഗുണവിശേഷണങ്ങൾ വ്യക്തികളിലോ, ജീവികളിലോ, വസ്തുക്കളിലോ ആരോപിക്കുക.
- ദൈവത്തിനെതിരിൽ വല്ലതിനും ഔന്നത്യം നൽകി അവന് പകരക്കാരെ സ്വീകരിക്കുക.

ഉപരിസൂചിത വിശ്വാസങ്ങളും പ്രവർത്തനങ്ങളുമെല്ലാം ഇസ്‌ലാമിക ആദർശത്തിന് വിപരീതമാണ്.

## അല്ലാഹു

### അല്ലാഹു എന്നത് ഏകസത്യ ദൈവത്തിനുള്ള നാമമാകുന്നു.

'അൽ' എന്നും 'ഇലാഹ്' എന്നുമുള്ള രണ്ട് അറബി പദങ്ങളുടെ സംയോജനമാണ് അല്ലാഹു. ഈ അറബി പദം കൊണ്ടർഥമാക്കുന്നത് ഏക ദൈവം അഥവാ ഏകസത്യ ദൈവം എന്നാണ്.

ഒന്നിനെയും അല്ലാഹു എന്ന് വിളിക്കുവാൻ സാധ്യമല്ല. ഈ പദത്തിന് ബഹുവചന, ലിംഗ രൂപങ്ങളില്ല. ദൈവങ്ങൾ എന്നോ ദേവത എന്നോ പറയാനാകാത്ത വിധം നിസ്തുലമാണ് അല്ലാഹു എന്ന നാമം എന്നു സാരം.

### മുസ്‌ലിംകളുടെ അല്ലാഹുവെ സംബന്ധിച്ചുള്ള വിശ്വാസം:

#### ഏകൻ

- **അല്ലാഹു ഏകനാകുന്നു. അവന് പങ്കാളികളേതുമില്ല.**
- **അല്ലാഹുവിന് സമതുല്യരോ സഹകാരികളോ ഇല്ല.**
- **ഏതെങ്കിലും മനുഷ്യ സ്വഭാവം ദൈവത്തിൽ ആരോപിക്കുന്നതിനെ ഇസ്‌ലാം നിഷേധിക്കുന്നു.**
- **അവന് സദൃശ്യമായി സൃഷ്ടികളേതുമില്ല.**
- **അല്ലാഹുവെ സദൃശ്യപ്പെടുത്താവുന്ന യാതൊന്നും ഇല്ല.**
- **അല്ലാഹുവിന്റെ യാതൊരംശവും ആരിലും കുടികൊള്ളുന്നില്ല.**
- **(അവന്റെ ജ്ഞാനം സകലതിനെയും ഉൾക്കൊള്ളുന്നു എങ്കിലും).**

#### സ്തുത്യർഹൻ:

- **അല്ലാഹുവല്ലാതെ ആരാധനക്ക് അർഹമായി യാതൊന്നും ഇല്ല.**
- **പുണ്യവാളന്മാർ, പ്രവാചകന്മാർ, മറ്റ് മനുഷ്യർ, പ്രകൃതി തുടങ്ങിയവയെയോ ഇവകളിലൂടെയോ ഉള്ള പ്രാർഥന ബിംബാരാധനായി കണക്കാക്കപ്പെടുന്നു.**
- **അല്ലാഹു അവനോട് ചോദിക്കുന്ന വാഴ്ത്തുന്ന ഏവരെയും കേൾക്കുന്നവനാണ്.**
- **ഏവർക്കും അല്ലാഹുവുമായി നേരിട്ട് ബന്ധം പുലർത്താവുന്നതാണ്.**
- **പുണ്യ പുരുഷന്മാർ, മാലാഖമാർ, പുരോഹിതന്മാർ, യേശുക്രിസ്തു, ഗ്രഹങ്ങൾ, ബിംബങ്ങൾ, മൃഗങ്ങൾ, ശവകുടീരങ്ങൾ, പ്രതിമകൾ തുടങ്ങി ഏതെങ്കിലും മധ്യവർത്തി കൂടാതെ മുസ്‌ലിംകൾ അല്ലാഹുവോട് നേരിട്ട് ബന്ധം പുലർത്തുന്നവരാണ്.**

#### നീതിമാൻ

- **ഓരോരുത്തരുടേയും പ്രവൃത്തിയുടെ അടിസ്ഥാനത്തിലാണ് അല്ലാഹു വിധിക്കുന്നത്. ഓരോ വ്യക്തിയുടെയും പ്രവർത്തനങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതാണ്.**
- **ഭക്തി കൊണ്ടും സൽകർമം കൊണ്ടും മാത്രമാണ് ഒരാൾക്ക് അല്ലാഹുവിന്റെ ഇഷ്ടം നേടാനാകുന്നത്. (കുലമോ സമ്പത്തോ മാനദണ്ഡമല്ല).**

#### അത്യുന്നതൻ

- **അല്ലാഹു അവന്റെ സൃഷ്ടികളെക്കാൾ ഔന്നത്യമുടയവനും സൃഷ്ടികളിൽ നിന്ന് വിഭിന്നനുമാണ്.**
- **സദൃശ്യപ്പെടുത്താനാകാത്ത വിധം ഉന്നതനാണ് അല്ലാഹു.**

#### കരുണാവാരിധി

- **ഒരു മാതാവിന് കുഞ്ഞിനോടുള്ളതിനെക്കാൾ സമാനതകളില്ലാത്തവിധം തന്റെ സൃഷ്ടികളോട് കരുണയുള്ളവനാണ് അല്ലാഹു.**
- **ആരും പാപിയായി പിറക്കുന്നില്ല.**
- **അല്ലാഹു പാപങ്ങളഖിലം പൊറുക്കുന്നവനാണ്.**

#### സർവശക്തൻ

- **അല്ലാഹുവിന് എതിരാളികളില്ല**
- **സൃഷ്ടിപ്പിന്റെ ഏഴാം നാൾ ദൈവം വിശ്രമിച്ചു എന്ന വിശ്വാസത്തിന് ഇസ്‌ലാമിൽ അടിസ്ഥാനമില്ല.**
- **സകലതിന്റെയും നിയന്ത്രണാധികാരം അല്ലാഹുവിനാണ്.**
- **അല്ലാഹുവോടുള്ള അനുസരണക്കേട് അവന്റെ പ്രതാപത്തെ കുറക്കുകയില്ല, അനുസരണം ദൈവ പ്രതാപത്തെ വർധിപ്പിക്കുകയുമില്ല.**
- **അല്ലാഹുവിന്റെ അനുമതി കൂടാതെ ഒരിലപോലും പൊഴിയുന്നില്ല.**

അല്ലാഹുവിന്റെ മഹത്ത്വത്തെക്കുറിച്ചുള്ള ആത്മാർഥ അന്വേഷണം ഒരാളെ വിനയത്തിലേക്ക് നയിക്കുന്നതാണ്. അല്ലാഹുവിന്റെ നാമ ഗുണവിശേഷണങ്ങളിലൂടെ അവനെ അറിയുവാനും അവന്റെ സർവാധിപത്യവും പ്രഭാവവും ശക്തിയും തിരിച്ചറിയുവാനും അവനോട് തേടുവാനും സ്വയം വിനയാന്വിതരാകുവാനുമാണ് അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നത്.

#### അല്ലാഹുവിന്റെ സുന്ദര നാമഗുണ വിശേഷണങ്ങളിൽ ചിലത്:

- **സ്രഷ്ടാവും നിയന്താവും.**
- **മാപ്പരുളുന്നവൻ.**
- **അനുഗൃഹീതൻ.**
- **സർവജ്ഞനും സൂക്ഷ്മ ജ്ഞാനിയും.**
- **ആവശ്യങ്ങളിൽ അപേക്ഷിക്കുന്നവന് ഉത്തരം ചെയ്യുന്നവൻ.**
- **നാനാവിധ അപര്യാപ്തതകളിൽ നിന്നും മുക്തനായവൻ.**
- **സമാനതകളില്ലാത്ത വിധം മഹത്ത്വമുടയവൻ.**

## ക്വുർആൻ

**ദൈവിക വചനത്തിന്റെ ലിഖിത രൂപമാണ് ക്വുർആൻ.**

**ഖുർആനും മുഹമ്മദ് നബിﷺയുടെ ആധികാരിക വചനങ്ങളുമാണ് ഇസ്‌ലാമിക പ്രമാണങ്ങൾ. ചർച്ച ചെയ്ത വിഷയങ്ങളെ സ്ഥാപിക്കുന്ന ക്വുർആനിക വചനങ്ങൾ**

**താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. (59:22)**

**പറയുക: അല്ലാഹുവെ കൂടാതെ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത വസ്തുക്കളെയാണോ നിങ്ങൾ ആരാധിക്കുന്നത്? (5:76)**

**അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു. 42:11**

**നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക (4:36).**

നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. (40:60)

അതിനാൽ (ഇതെല്ലാം) അറിഞ്ഞ് കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്. (2:22)

## മുഹമ്മദ് നബിﷺ

അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അവനു മാത്രം വഴിപ്പെടാനുമായി ജനങ്ങളെ ക്ഷണിക്കാൻ നിയോഗിതരായ പ്രവാചക ശൃംഖലയിൽ അന്തിമനാണ് മുഹമ്മദ് നബിﷺ എന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. ആദം, നോഹ, യൂസുഫ്, യാക്കൂബ്, അബ്രഹാം, ദാവീദ്, യേശു, മോസസ് എന്നീ പ്രവാചകന്മാർ അവരിൽ ചിലരാണ്.

മുസ്‌ലിംകൾ മുഹമ്മദ് നബിﷺ യെ ആരാധിക്കുകയോ അദ്ദേഹത്തോട് ദൈവിക സഹായം തേടുകയോ ചെയ്യുന്നില്ല. അദ്ദേഹം താക്കീത് ചെയ്യുകയുണ്ടായി: